**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 858** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവനപദ്ധതികളും സമഗ്ര പാക്കേജും .</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. എം. വിജിൻ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. എം. ശശി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഭവന പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതിയുടെ തുകയുടെ പരിധിയും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ ഇൻഷ്വറൻസ് ധനസഹായം 10 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുവാൻ നിർവ്വാഹമില്ല. സർക്കാർ ധനസഹായത്തോടെ മത്സ്യ ബോർഡ് വഴി നിലവിൽ നൽകി വരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻഷ്വറൻസ് പദ്ധതി | ധനസഹായ തുക |
|---|---|---|
| 1 | അപകടമരണം | 10 ലക്ഷം രൂപ |
| 2 | മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| 3 | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| 4 | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| 5 | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ) |

| | | |
|---|---|---|
| 6 | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| 7 | ശവസംസ്കാര ചെലവ് | 2,500/- രൂപ |

മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതിയുടെ തുകയും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് മത്സ്യഫെഡ് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. നിലവിലുള്ള ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കുന്നതാണ്. 2026-27 വർഷത്തിൽ 478/- രൂപ പ്രീമിയം അടയ്ക്കുന്ന അംഗങ്ങൾക്ക് അപകടമരണമോ, സ്ഥിരമായ പൂർണ അംഗവൈകല്യമോ, സംഭവിച്ചാൽ 10 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. കൂടാതെ അപകടത്തെ തുടർന്നുള്ള ആശുപത്രി ചെലവുകൾക്ക് 1 ലക്ഷം രൂപ വരെ, മരണാനന്തര ചടങ്ങുകൾക്ക് 5000/- രൂപ, മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 1 ലക്ഷം രൂപ വിദ്യാഭ്യാസ ധനസഹായം എന്നിവയും ലഭ്യമാണ്. അംഗവൈകല്യത്തിന്റെ തോതനുസരിച്ച് പരമാവധി 10 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതാണ്. 2026-27 വർഷത്തെ പദ്ധതിയിൽ പ്രീമിയം തുകയിൽ കുറവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

**(സി)** തീരദേശ മേഖലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത ഭവനങ്ങൾ ഉറപ്പാക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**മറുപടി:** തീരദേശ മേഖലകളിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള കുടുംബങ്ങളെ സുരക്ഷിത മേഖലകളിലേക്ക് പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് 'പുനർഗേഹം' പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നു. 2019-20ൽ ഭരണാനുമതി നൽകി 2450 കോടി രൂപ അടങ്കലിൽ നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയ്ക്ക് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായവും, സർക്കാർ/ സ്വകാര്യ ഭൂമിയിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് പുനരധിവാസ സൗകര്യവും ഒരുക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി നിരവധി വീടുകളും ഫ്ലാറ്റുകളും പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടുതൽ വീടുകളും ഫ്ലാറ്റുകളും വിവിധ ഘട്ടങ്ങളിൽ നിർമ്മാണത്തിലാണ്.

**(ഡി)** മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഇന്ധനവില വർദ്ധനവ്, കാലാവസ്ഥ പ്രതിസന്ധി, കടലാക്രമണം തുടങ്ങിയ വെല്ലുവിളികൾക്ക് പരിഹാരമായി സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഇന്ധന വില വർദ്ധനവ്, കാലാവസ്ഥാ പ്രതിസന്ധി, കടലാക്രമണം തുടങ്ങിയ വെല്ലുവിളികൾ ലഘൂകരിക്കുന്നതിനായി സർക്കാർ വിവിധ ക്ഷേമ, ദുരിതാശ്വാസ, പുനരധിവാസ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുള്ള തൊഴിൽ നഷ്ടത്തിന് SDRF/CMDRF മുഖേന ധനസഹായം നൽകുകയും മത്സ്യബന്ധന നിരോധന കാലയളവിൽ സൗജന്യ റേഷനും മറ്റ് സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നു. കടലാക്രമണ ബാധിതരുടെ പുനരധിവാസത്തിനായി പുനർഗേഹം പദ്ധതി നടപ്പിലാക്കിവരുന്നു.

നിലവിലുള്ള പദ്ധതികൾക്ക് പുറമെ ആവശ്യമായ സാഹചര്യങ്ങളിൽ അധിക സഹായ നടപടികൾ സ്വീകരിക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഭവന പദ്ധതികളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ**

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യ തൊഴിലാളികളുൾപ്പെടെയുള്ള കുടംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് പുനർഗേഹം എന്ന ബൃഹത് പദ്ധതി നടപ്പാക്കി വരുന്നു. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം സർക്കാർ ഭരണാനുമതി നല്കിയിരുന്നു .പദ്ധതിയ്ക്കായി 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതി പ്രകാരം മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. വ്യക്തിഗത ഗുണഭോക്താക്കൾ കണ്ടെത്തി രജിസ്ട്രേഷൻ പൂർത്തികരിക്കുന്ന ഭൂമിയിൽ 3 ഘട്ടങ്ങളായാണ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നത്.

പദ്ധതി പ്രകാരം 9186 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4632 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 4062 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. ഇവരിൽ 2911 കുടുംബങ്ങൾ ഭവന നിർമ്മാണത്തിന്റെ മൂന്ന് ഘട്ടങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 371 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. 320 കുടുംബങ്ങൾ ഭവന നിർമ്മാണത്തിന്റെ ഒന്നും രണ്ടും ഘട്ടങ്ങളും പൂർത്തികരിച്ചിട്ടുണ്ട്. 460 ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനത്തിലാണ്. ഇപ്രകാരം 2911 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തികരിക്കുകയും, 1151 ഗുണഭോക്താക്കൾ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള വിവിധ ഘട്ടങ്ങളിലുമാണ്.

തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), മുട്ടത്തറ പ്രത്യാശ (332), കൊല്ലം ജില്ലയിൽ QSS കോളനി (114), ആലപ്പുഴ ജില്ലയിൽ മണ്ണുംപുറം (84), മലപ്പുറം ജില്ലയിൽ പൊന്നാനി ഫേസ് 1 (128), ഉണ്ണ്യാൽ (16), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (24) എന്നിവിടങ്ങളിലായി 846 ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

**നിർമ്മാണം പൂർത്തീകരിച്ച ഫ്ലാറ്റ് സമുച്ചയങ്ങൾ**

| ജില്ല | ഫ്ലാറ്റ് | എണ്ണം |
|---|---|---|
| തിരുവനന്തപുരം | കാരോട് | 128 |
| | ബീമാപ്പള്ളി | 20 |
| | മുട്ടത്തറ | 332 |
| കൊല്ലം | QSS കോളനി | 114 |
| ആലപ്പുഴ | മണ്ണുംപുറം | 84 |
| മലപ്പുറം | പൊന്നാനി | 128 |
| | ഉണ്ണ്യാൽ | 16 |
| കാസർഗോഡ് | കോയിപ്പാടി | 24 |
| ആകെ | | 846 |

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 120 ഫ്ലാറ്റുകൾ, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (68), മലപ്പുറം ജില്ലയിലെ പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (120) എന്നിവിടങ്ങളിലായി ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ 24 ഫ്ലാറ്റുകളുടെയും നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം | നിർവ്വഹണ ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | ആലപ്പുഴ | മണ്ണുംപുറം | 120 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ | ആലപ്പുഴ ജില്ലയിൽ മണ്ണുംപുറം ഫ്ലാറ്റ് സമുച്ചയത്തിന്റെ phase 2 &3 ഫ്ലാറ്റുകളിലെ ഇടഭാഗങ്ങളിൽ മഴ സംരക്ഷണത്തിനായി റൂഫിംഗ് ഷീറ്റ് പ്രവൃത്തി, വാട്ടർ മീറ്റർ സ്ഥാപിക്കൽ, കെ.എസ്.ഇ.ബി കണക്ഷൻ എന്നീ പ്രവൃത്തികൾ ഒഴികെയുള്ള പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചു. കെ. എസ്.ഇ.ബി മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് beneficiaryകളുമായി ബന്ധപ്പെട്ട് നടപടികൾ പുരോഗമിച്ചു വരികയാണ്.<br>STP സ്ഥാപിക്കുന്നതിനായി കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | തിരുവനന്തപുരം | മുട്ടത്തറ | 68 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിക്കുന്ന 400 ഫ്ലാറ്റുകളിൽ നിർമ്മാണം പൂർത്തീകരിച്ച 332 ഹഫ്ലാറ്റുകളുടെ താക്കോൽ ഗുണഭോക്താക്കൾക്ക് കൈമാറി നൽകിയിട്ടുണ്ട്. ഭരണാനുമതി പ്രകാരം പൂർത്തീകരിക്കാൻ ബാക്കിയുള്ള 68 ഫ്ലാറ്റുകളുടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | മലപ്പുറം | പൊന്നാനി ഫേസ് II | 100 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ<br>രണ്ടാംഘട്ട പ്രവൃത്തിയിൽ 3 ബ്ലോക്കുകളുടെ (block 3,6,7) ഗ്രൗണ്ട് ഫ്ലോർ structure പ്രവൃത്തി പൂർത്തീകരിച്ചു.<br>2 ബ്ലോക്കുകളുടെ (block 1,5) ഫസ്റ്റ് ഫ്ലോർ പ്രവൃത്തി പുരോഗമിക്കുന്നു. 3 ബ്ലോക്കുകളുടെ (block 9,10,11)<br>ഫൗണ്ടേഷൻ ആർ.സി.സി ബെൽറ്റ് പൂർത്തികരിച്ചിട്ടുണ്ട്. 2 ബ്ലോക്കുകളുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | (block 12,13) ഫൗണ്ടേഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 3 ബ്ലോക്കുകളുടെ (block 2,4,8) പ്രവൃത്തി ആരംഭിക്കേണ്ടതുണ്ട്. |
| 5 | കോഴിക്കോട് | വെസ്റ്റ് ഹിൽ | 80 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ | സിവിൽ പ്രവൃത്തികളായ painting, plumbing, sheet roofing, door & window fitting, Sanitary fittings എന്നിവയും ഇലക്ട്രിക്കൽ പ്രവൃത്തികളായ paneling, cabling & fittings എന്നിവയും, അവസാന ഘട്ടത്തിലാണ്. Fire fighting പ്രവൃത്തിയ്ക്കായി സെലക്ഷൻ നോട്ടിസ് നൽകിയിട്ടുണ്ട്. STP സംവിധാനം IRTC മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ മറ്റ് അനുബന്ധ പ്രവൃത്തികളായ DG set, Rainwater harvesting എന്നിവ നടപ്പിലാക്കി വരുകയാണ്. |
| 6 | കാസർഗോോഡ് | കോയിപ്പാടി | 120 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | ഫ്ലാറ്റ് സമുച്ചയത്തിന്റെ ബ്ലോക്ക് എ-ഗ്രൗണ്ട് ഫ്ലോർ- കോളം, പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ബ്ലോക്ക് ബി-കോളം ഫൂട്ടിംഗ് പ്രവൃത്തിയ്ക്ക് വേണ്ടിയുള്ള എസ്കവേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. കോളം പ്രവൃത്തിയ്ക്ക് വേണ്ടിയുള്ള സ്റ്റീൽ റീഇൻഫോഴ്സ്മെന്റ് പ്രവൃത്തി പുരോഗമിക്കുന്നു.<br>ബ്ലോക്ക് സി-സിമെന്റ് പ്രൈമർ, ടൈൽ ആന്റ് പ്ലംബിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ! പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>ബ്ലോക്ക് ഡി-പുതുതായി നിർമ്മിച്ച അംഗൻവാടി പ്രവർത്തന ക്ഷമമായി.<br>ബ്ലോക്ക് ഇ-പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ചുറ്റുമതിൽ നിർമ്മാണം പുരോഗമിക്കുന്നു. |
| 7 | തിരുവനന്തപുരം | കൊച്ചുവേളി | 168 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ | ട്രിവാൻഡ്രം സോഷ്യൽ സർവ്വിസ് സൊസൈറ്റി സർക്കാരിന് കൈമാറിയ കടകംപള്ളി വില്ലേജിലെ സർവ്വേനം. 2760, 2761, 2762 ൽ ഉൾപ്പെട്ട 200.9 സെന്റ് ഭൂമിയിൽ പുനർഗേഹം പദ്ധതി പ്രകാരം പുനരധിവാസം |

| | | | | | |
|---|---|---|---|---|---|
| | | | | | നടപ്പിലാക്കുന്നതിലേക്കായി 168 ഫ്ലാറ്റുകൾ നിർ മ്മിക്കുന്നതിനായി 37.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്<br>കടകംപള്ളി വില്ലേജിലെ വേളി ഫ്ലാറ്റിനായുള്ള സ്ഥലത്തെ ഓടയുടെ നിർമ്മാണം പൂർണ്ണമായും, ചചറ്റുംമതിൽ നിർമ്മാണ പ്രവൃത്തി 90% വും പൂർത്തീകരിച്ചു. ഇതുവരെ 133 പൈലുകൾ നിർമ്മിച്ചു കൊണ്ട് പൈലിംഗ് പ്രവൃത്തി ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. |
| 8 | തിരുവനന്തപുരം | സെന്റ് ആന്റണീസ് | 24 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ | വലിയതുറയിൽ ഫിഷറീസ് വകുപ്പിന് ലഭ്യമായിട്ടുള്ള 36.752 സെന്റ് ഭൂമിയിൽ 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 5.74 കോടി രൂപ 4405-00-103-89-00-34-03 (P) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് ഭരണാനുമതി നൽ കി . CRZ Status Report final, Airport Authority Noc എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ലഭ്യമാകുന്നതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ് . |

തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. പുനരധിവാസത്തിനായി കൊല്ലം ജില്ലയിലെ മയ്യനാട് വില്ലേജിൽ 51.45 ആർ സർക്കാർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി സക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികളും സ്വീകരിച്ചു വരുന്നു.

പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി പദ്ധതി 75.65 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാ കളക്ടർ/ലാന്റ് റവന്യൂ കമ്മീഷണർ/ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

പദ്ധതി പ്രവർത്തനത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും പുനർഗേഹം പദ്ധതി ശീർഷകത്തിൽ നിന്നും 307.61 കോടി രൂപയും ഉൾപ്പെടെ 557.61 കോടി രൂപ അനുവദിക്കുകയും 489.28 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബാക്കി തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് വരുന്നു. ലൈഫ് ഭവന

പദ്ധതിയിൽ 15.06.2026 വരെ 17,063 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 15,260 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും 1,803 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

വി ഇ അബ്ദുൽ ഗഫൂർ
MINISTER